# KSRTC-SWIFT

Anayara, Thiruvananthapuram – 695 029.

No. KS-GL03/1/2026-GL-K-SWIFT തീയതി : 07.01.2026

## നോട്ടിഫിക്കേഷൻ

കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള KSRTC-SWIFT കമ്പനിയിലേക്ക്, **തിരുവനന്തപുരം ജില്ലാ പരിധിയിലെ** ബസ് സർവ്വീസുകൾക്കായി, താൽക്കാലികമായി **വനിതാ ഡ്രൈവർ കം കണ്ടക്ടർമാരെ** കരാർ വ്യവസ്ഥയിൽ ദിവസവേതന അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു.

- **ജനുവരി 08, 2026, രാവിലെ 10.00** മണി മുതൽ ഓൺലൈൻ മുഖേനയുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങുന്നതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി **ജനുവരി 21, 2026, വൈകുന്നേരം 05.00** മണി വരെയാണ്.

**തസ്തികയുടെ വിവരം :**

1. ഉദ്യോഗാർത്ഥികൾക്ക് വേണ്ട അടിസ്ഥാന യോഗ്യത, പ്രായപരിധി, വേതനം തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | അടിസ്ഥാന യോഗ്യത | പ്രായ പരിധി | ആരോഗ്യ സ്ഥിതി | ജോലി സമയം |
|---|---|---|---|---|
| വനിതാ ഡ്രൈവർ കം കണ്ടക്ടർ | 1. പത്താം തരം/ തത്തുല്യമായ യോഗ്യതാ പരീക്ഷ പാസായിരിക്കണം.<br>2. സാധുവായ ഹെവി പാസഞ്ചർ വെഹിക്കിൾ (HPV) ലൈസൻസ് അല്ലെങ്കിൽ ലൈറ്റ് മോട്ടോർ വെഹിക്കിൾ (LMV) ലൈസൻസ് ഉണ്ടായിരിക്കണം.<br>(തെരഞ്ഞെടുക്കപ്പെട്ടാൽ മോട്ടോർ വാഹന വകുപ്പിൽ നിന്നും നിശ്ചിത സമയത്തിനുള്ളിൽ കണ്ടക്ടർ ലൈസൻസ് കരസ്ഥമാക്കുകയും വേണം.) | കുറഞ്ഞ പ്രായ പരിധി 20 വയസ്സ്.<br><br>ലൈറ്റ് മോട്ടോർ വെഹിക്കിൾ (LMV) ലൈസൻസുള്ള ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി 30വയസ്സ്.<br><br>ഹെവി പാസഞ്ചർ വെഹിക്കിൾ (HPV) ലൈസൻസുള്ള ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി 45വയസ്സ് ആയിരിക്കും. | പാസഞ്ചർ ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിന് പ്രാപ്തരായ ആരോഗ്യവതികൾ ആയിരിക്കണം. | തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ രാവിലെ 5 മണിക്കും രാത്രി 10 മണിക്കും ഇടയിൽ ജോലി ചെയ്യുവാൻ സന്നദ്ധരായിരിക്കണം **(തിരുവനന്തപുരം ജില്ലാ പരിധിയിലെ ബസ് സർവ്വീസുകൾക്ക് അനുസൃതമായി).** |

## നിബന്ധനകൾ

1. KSRTC–SWIFT - ൽ നിയമിതരാകുന്ന ഉദ്യോഗാർത്ഥികൾ കാലാകാലങ്ങളിൽ പരിഷ്ക്കരിക്കുന്ന സേവന വേതന വ്യവസ്ഥകളിൽ ജോലി നിർവ്വഹിക്കേണ്ടതാണ്.

2. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ KSRTC-SWIFT - മായി 200/- (ഇരുന്നൂറ്) രൂപയുടെ മുദ്രപത്രത്തിൽ കരാർ ഒപ്പിടേണ്ടതും, അങ്ങനെ കരാറിൽ ഏർപ്പെടുന്ന ഉദ്യോഗാർത്ഥികൾ കരുതൽ നിക്ഷേപമായി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ പേരിൽ 30,000/- (മുപ്പതിനായിരം) രൂപ പലിശരഹിത സെക്യൂരിറ്റി ഡിപ്പോസിറ്റ് ഒടുക്കേണ്ടതുമാണ്.

3. തെരഞ്ഞെടുക്കപ്പെടുന്ന ലൈറ്റ് മോട്ടോർ വെഹിക്കിൾ (LMV) ലൈസൻസ് മാത്ര മുള്ള ഉദ്യോഗാർത്ഥികൾ രണ്ട് (2) വർഷത്തിനുള്ളിൽ ഹെവി പാസഞ്ചർ വെഹിക്കിൾ (HPV) ലൈസൻസ് കരസ്ഥമാക്കണം. ടി കാലയളവിൽ കണ്ടക്ടറായി ജോലി നിർവ്വ ഹിക്കണം. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പുകൂടാതെ കരാറിൽ നിന്നും ഒഴിവാക്കു ന്നതാണ്.

4. തെരഞ്ഞെടുക്കപ്പെടുന്ന LMV ലൈസൻസ് മാത്രമുള്ള അപേക്ഷകർ സെക്യൂരിറ്റി ഡിപ്പോസിറ്റിന് പുറമെ രണ്ട് (2) വർഷക്കാലത്തേക്ക് 30,000/– (മുപ്പതിനായിരം) രൂപയുടെ ബോണ്ട് സമർപ്പിക്കേണ്ടതാണ്. തുടർച്ചയായ രണ്ട് (2) വർഷക്കാലയള വിൽ ഓരോ മാസവും പ്രതിദിനം ഒരു ഡ്യൂട്ടി എന്ന കണക്കിൽ കുറഞ്ഞത് 16 (പതിനാറ്) ഡ്യൂട്ടി ചെയ്യാത്ത ജീവനക്കാരെ ജോലിയിൽ നിന്നും പിരിച്ചുവിടുന്നതും, bond breakage ചാർജ്ജായി 30,000/– (മുപ്പതിനായിരം) രൂപയും, സെക്യൂരിറ്റി ഡിപ്പോസിറ്റ് ഉൾപ്പെടെ കമ്പനിയുടെ ആസ്തി വകകളിലേക്ക് കണ്ടുകെട്ടുന്നതുമായിരിക്കും.

5. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ സ്വന്തം താമസ സ്ഥലത്തുള്ള പോലീസ് സ്റ്റേഷനിൽ നിന്നും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (PCC) 10 ദിവസത്തിനകം ഹാജരാക്കിയിരിക്കണം.

6. കരാറിൽ ഏർപ്പെടുന്ന LMV/HPV ലൈസൻസുള്ള ഉദ്യോഗാർത്ഥികളുടെ ഡിപ്പോസിറ്റ് തുകയിൽ നിന്ന് ഒരു നിശ്ചിത തുക കണ്ടക്ടർ, ഡ്രൈവർ ട്രെയിനിംഗ് ഫീസ് ആയി ഈടാക്കിക്കൊണ്ട് ആവശ്യത്തിനുള്ള ട്രെയിനിംഗ് നൽകുന്നതായിരിക്കും. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്നവർ, രണ്ട് (2) വർഷം തുടർച്ചയായി KSRTC-SWIFT ൽ തെരഞ്ഞെടുക്കപ്പെടുന്ന

തസ്തികയിൽ ജോലി നോക്കേണ്ടതും, ടി രണ്ട് (2) വർഷത്തിൽ പ്രതിദിനം ഒരു ഡ്യൂട്ടി എന്ന കണക്കിൽ ഓരോ മാസവും കുറഞ്ഞത് 16 (പതിനാറ്) ഡ്യൂട്ടി നിർവ്വഹിക്കേണ്ടതുമാണ്. രണ്ട് (2) വർഷം പൂർത്തീകരിക്കുന്നതിന് മുമ്പ് സ്വമേധയാ പിരിഞ്ഞുപോകുന്ന ഉദ്യോഗാർത്ഥിയുടെ കരുതൽ നിക്ഷേപം കണ്ടുകെട്ടുന്നതും, കമ്പനിയുടെ ആസ്തി വകകളിൽ മുതൽ കൂട്ടുന്നതുമായിരിക്കും. പരിശീലനത്തിനുശേഷം നിശ്ചിത കാര്യക്ഷമത കൈവരിക്കാത്ത ഉദ്യോഗാർത്ഥികളുടെ കരുതൽ നിക്ഷേപത്തിൽ പകുതി മാത്രമേ തിരികെ ലഭിക്കൂ.

**തിരഞ്ഞെടുപ്പ് പ്രക്രിയ**

അപേക്ഷകൾ സൂഷ്മ പരിശോധന നടത്തി ചുരുക്ക പട്ടിക തയ്യാറാക്കി അതിൽ ഉൾപെട്ടിട്ടുള്ളവർ താഴെ പറയുന്ന പ്രക്രിയകൾ പൂർത്തീകരിയ്ക്കേണ്ടതാണ് :

1. അപേക്ഷിക്കുന്നവർ ടി നിയമനവുമായി ബന്ധപ്പെട്ട് രൂപീകരിയ്ക്കുന്ന സെലഷൻ കമ്മിറ്റി നടത്തുന്ന എഴുത്തു പരീക്ഷ പാസ്സായിരിക്കണം.
2. എഴുത്തു പരീക്ഷയിൽ പാസ്സായവർ ടി നിയമനവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റി നടത്തുന്ന ഡ്രൈവിംഗ് ടെസ്റ്റ് പാസ്സായിരിക്കണം.
3. ഇൻ്റർവ്യൂ.

മേൽ പ്രക്രിയകളിൽ വിജയികളാകുന്നവരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതും ടി ലിസ്റ്റിൽ നിന്ന് റാങ്ക് അടിസ്ഥാനത്തിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് താത്കാലിക നിയമനം നൽകുന്നതാണ്. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് മുതൽ ഒരു വർഷക്കാലത്തേക്ക് മാത്രമായിരിയ്ക്കും

അനുബന്ധത്തിൽ വിവരിച്ചിരിക്കുന്ന വ്യവസ്ഥകളിൽ ദിവസ വേതനത്തിന് ജോലി നിർവഹിക്കുവാൻ സന്നദ്ധരായ യോഗ്യത ഉള്ളവർ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, ഡ്രൈവിംഗ് ലൈസൻസ്, വയസ്സ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, പാസ്പോർട്ട് സൈസ് ഫോട്ടോ തുടങ്ങിയവ ഉൾപ്പെടുത്തി 21/01/2026 ന് **വൈകുന്നേരം 5 മണിയ്ക്ക് മുൻപായി www.cmd.kerala.gov.in** എന്ന വെബ് സൈറ്റിൽ ഓൺലൈനായി സമർപ്പിയ്ക്കേണ്ടതാണ്. ഓൺലൈൻ വഴി അല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

## വേതന വ്യവസ്ഥകൾ

1. ദിവസ വേതനം : ദിവസ വേതന വ്യവസ്ഥയിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 8 മണിക്കൂർ ഡ്യൂട്ടിക്ക് 715/- രൂപയും, അർഹമായ ഇൻസെന്റീവ്/ അലവൻസുകൾ/ ബാറ്റ എന്നിവ അധികമായി ലഭിക്കും.
2. Sign in & Sign off അടക്കമുള്ള 8 മണിക്കൂർ ഡ്യൂട്ടിക്ക് ശേഷം അധികമായി വരുന്ന ഓരോ മണിക്കൂറിനും 130/- രൂപ എന്ന നിരക്കിൽ അധിക സമയത്തിന് ആനുപാതികമായി വേതനം നൽകുന്നതാണ്.
    - സർവീസുകൾക്കിടയിൽ നിർദ്ദിഷ്ട വിശ്രമ സമയത്തിന് അഡീഷണൽ ഡ്യൂട്ടി പരിഗണിക്കുന്നതല്ല.
3. അപകടങ്ങൾ ഉണ്ടാകാതെയും, ബസ്സുകൾക്ക് കേടുപാടുകൾ ഉണ്ടാകാതെയും ചുവടെ ചേർത്തിരിക്കുന്ന മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് ഇൻസെന്റീവ് നൽകുന്നത് പരിഗണിക്കും
    a. യാത്രക്കാരുമായും, മറ്റ് റോഡ് ഉപഭോക്താക്കളുമായും മികച്ച ഉപഭോക്തൃ ബന്ധം കാത്തു സൂക്ഷിക്കൽ.
    b. ബസുകളുടെ കൃത്യമായ പരിപാലനം
    c. ബസ് എല്ലാ സമയവും വൃത്തിയായി സൂക്ഷിക്കുന്നത്.
    d. ഡ്യൂട്ടിയിലെ കൃത്യനിഷ്ഠത.
    e. ഡ്യൂട്ടി സമയത്ത് കൃത്യവും വൃത്തിയുള്ളതുമായ യൂണിഫോം ധരിക്കൽ.
    f. കൂടുതൽ വരുമാനം നേടുന്നതിനുള്ള മുൻകൈയെടുക്കൽ തുടങ്ങിയവ.
4. പ്രതിദിനം 1 ഡ്യൂട്ടിയും, ആഴ്ചയിൽ 1 വീക്കിലി ഓഫും നിയമപ്രകാരം അനുവദിക്കും.
5. KSRTC അംഗീകരിച്ചിട്ടുള്ള ഡ്യൂട്ടി റോസ്റ്റർ അനുസരിച്ച് ജോലിക്ക് ഹാജരാകേണ്ടതാണ്.
6. ഒരുമാസത്തിനുശേഷം മതിയായ കാര്യക്ഷമത കൈവരിക്കാത്ത ജീവനക്കാരുടെ സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നും 15,000/- (പതിനയ്യായിരം) രൂപ മാത്രമേ തിരികെ നൽകുകയുള്ളൂ.

## സേവന വ്യവസ്ഥകൾ

1. ബസ്സിനുൾവശം വൃത്തിയും വെടിപ്പും വരുത്തേണ്ടതും, സീറ്റ് കവർ, വിൻഡോ കർട്ടൻ/വിൻഡോ ഗ്ലാസ് എന്നിവ വൃത്തിയാണെന്ന് ഉറപ്പു വരുത്തിയശേഷം മാത്രമേ സർവ്വീസിനായി ബസ് ഉപയോഗിക്കുവാൻ പാടുള്ളൂ.

2. സർവ്വീസ് പുറപ്പെടുന്നതിന് അരമണിക്കൂർ മുൻപ് നിർദ്ദിഷ്ട ബസ്, സർവ്വീസ് ഓപ്പറേഷന് പ്രാപ്തമാണോ എന്നത് പരിശോധിച്ച് യഥാസമയം bus bay ൽ എത്തിക്കേണ്ടതാണ്.

3. മതിയായ കാരണങ്ങൾ ഇല്ലാതെ ജോലിക്ക് ഹാജരാകാത്തതിനാൽ സർവീസ് ക്യാൻസലേഷൻ/ലേറ്റ് ഡിപ്പാർച്ചർ സംഭവിക്കുകയാണെങ്കിൽ അതിന്റെ പൂർണ ഉത്തരവാദിത്വം കാരണക്കാരായ ജീവനക്കാർക്ക് മാത്രമായിരിക്കും. ഇപ്രകാരം ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതാണ്.

4. ഡ്യൂട്ടി നിർണ്ണയം, റൂട്ട് തെരഞ്ഞെടുക്കൽ, ഡ്യൂട്ടി സമ്പ്രദായം മുതലായവ മാനേജ്മെന്റ് തീരുമാനിക്കുന്നതും ആ തീരുമാനങ്ങൾ പൂർണ്ണമായും പാലിക്കുന്നതിന് ഡ്രൈവർമാരും, കണ്ടക്ടർമാരും ബാധ്യസ്ഥരാണ്.

5. ഡെസ്റ്റിനേഷൻ ബോർഡ് ബസ്സിൽ യഥാവിധി പ്രദർശിപ്പിക്കേണ്ടതാണ്.

6. KSRTC-SWIFT നിർദ്ദേശിക്കുന്ന യൂണിഫോം നിശ്ചിത രീതിയിൽ മാത്രമേ ധരിക്കുവാൻപാടുള്ളൂ. (നിലവിൽ പാന്റും ഷർട്ടും).

7. KSRTC യുടെയും KSRTC-SWIFT ന്റെയും താൽപര്യങ്ങൾക്ക് അനുസൃതമായി യാത്രക്കാരെ അതിഥികളായി കണ്ട് സഭ്യവും വിനയാന്വിതരുമായി പെരുമാറേണ്ടതും അവരുടെ സുരക്ഷയ്ക്കും സൗകര്യങ്ങൾക്കും മുൻഗണന നൽകേണ്ടതുമാണ്.

8. നിയമാനുസൃതം പരമാവധി യാത്രക്കാരെ ബസ്സിൽ കയറ്റി സ്റ്റോപ്പുകളിൽ ഇറക്കുന്നതിനും, നിർത്തുന്നതിനും ശ്രദ്ധാലുവാകേണ്ടതാണ്.

9. യാത്രാമധ്യേ യാത്രികന് മെഡിക്കൽ സഹായം അനിവാര്യമായാൽ മറ്റ് യാത്രക്കാരെ ബുദ്ധിമുട്ടിക്കാതെ കണ്ടക്ടറോടൊപ്പം സഹായ സജ്ജീകരണങ്ങൾ ഒരുക്കുവാൻ ശ്രമിക്കേണ്ടതാണ്.

10. സർവ്വീസുകൾ പോകുമ്പോൾ ഒരു ട്രിപ്പ് തീർന്നാൽ നിഷ്കർഷിക്കുന്ന സമയത്തിനുള്ളിൽ/അടുത്ത ട്രിപ്പ് തുടങ്ങുന്നതിന് മുമ്പ് ആവശ്യമെങ്കിൽ ബസ്സിനകം വൃത്തിയാക്കിയിരിക്കണം.

11. വീൽചെയർ ഉപയോഗിക്കുവാൻ പറ്റുന്ന ബസ്സുകളിൽ ആയതിലേക്കായി ബസ് താഴ്ത്തി അംഗ പരിമിതർക്ക് കയറാനും ഇറങ്ങാനും വേണ്ട സഹായം ലഭ്യമാക്കേണ്ടതാണ്.

12. വൃദ്ധർ/അന്ധർ, അംഗപരിമിതർ തുടങ്ങിയവരെ കയറ്റുമ്പോഴും ഇറക്കുമ്പോഴും അവശ്യ സഹായങ്ങൾ ചെയ്യാൻ പരിപൂർണ്ണ ശ്രദ്ധ പുലർത്തേണ്ടതാണ്.

13. പ്രത്യേക ശ്രദ്ധ ആവശ്യമായിവരുന്ന മുതിർന്ന പൗരൻമാർ, ഒറ്റയ്ക്കു യാത്രചെയ്യുന്ന സ്ത്രീകൾ, അംഗപരിമിതർ തുടങ്ങിയ യാത്രക്കാർക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

14. ലോജിസ്റ്റിക്സ് സംബന്ധമായ പാഴ്സലുകൾ, കാർഗോ, കത്തുകൾ, ഡോക്യുമെന്റുകൾ തുടങ്ങിയവ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതും യഥാസമയം ബന്ധപ്പെട്ടവരെ ഏൽപ്പിക്കേണ്ടതുമാണ്.

15. ജോലിക്ക് യഥാസമയം ഹാജരാകാതിരിക്കുകയും ഇത്തരത്തിൽ ട്രിപ്പോ ഷെഡ്യൂളോ റദ്ദാക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ കമ്പനിക്ക് ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ജീവനക്കാരുടെ സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നോ ദിവസ വേതനത്തിൽ നിന്നോ ഈടാക്കുന്നതാണ്.

16. പ്രകോപനം ഉണ്ടാകുന്ന രീതിയിൽ യാത്രക്കാർ, മറ്റ് റോഡ് ഉപഭോക്താക്കൾ എന്നിവർ സംസാരിച്ചാൽ പോലും "Customer is the most important person in our premises" എന്ന ഗാന്ധി വചനത്തിന്റെ അടിസ്ഥാനത്തിൽ സംയമനം പാലിക്കേണ്ടതാണ്.

17. സർവ്വീസ് തുടങ്ങുന്നതിന് മുൻപ് ബസ്സിന്റെ അകവും പുറവും പരിശോധിക്കേണ്ടതും, സ്ക്രാച്ചുകൾ, വിള്ളലുകൾ തുടങ്ങിയവയുണ്ടെങ്കിൽ മൊബൈലിൽ ഫോട്ടോ എടുത്തിരിക്കേണ്ടതും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചതിനുശേഷം മാത്രം സർവ്വീസിന് ടി വാഹനം ഉപയോഗിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ഡ്യൂട്ടി കഴിഞ്ഞ് പരിശോധനക്ക് വിധേയമാക്കുമ്പോൾ ഇത്തരം നഷ്ടങ്ങൾക്ക് ടി ക്രൂ ഉത്തരവാദി ആയിരിക്കും.

18. യാത്രക്കാരോട് അപമര്യാദയായി പെരുമാറിയെന്ന് ബോധ്യപ്പെടുന്നപക്ഷം നോട്ടീസില്ലാതെ ജോലിയിൽനിന്നും നീക്കം ചെയ്യുന്നതിന് KSRTC-SWIFT ന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

19. യാത്രക്കാരുടെയും ബസ്സിന്റെയും സുരക്ഷയുടെ ഉത്തരവാദിത്വം തന്നിൽ നിക്ഷിപ്തമാണെന്ന അവബോധത്തോടെ ഡ്രൈവിംഗ് ഡ്യൂട്ടി നിർവ്വഹിക്കേണ്ടതാണ്.

20. ജീവനക്കാരുടെ അശ്രദ്ധയോ, കെടുകാര്യസ്ഥതയോ കാരണം ബസ്സിന്/ വാഹനത്തിന് നാശനഷ്ടം ഉണ്ടാകുന്നപക്ഷം താൽക്കാലിക സേവനങ്ങളിൽനിന്നും നീക്കം ചെയ്യുന്നതടക്കമുള്ള നടപടി സ്വീകരിക്കുന്നതിന് KSRTC-SWIFT ന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതും ആയതിന് KSRTC-SWIFT ന് യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതുമല്ല. നാശനഷ്ടത്തിന് ആനുപാതികമായുള്ള തുക ബന്ധപ്പെട്ട ജീവനക്കാർ ഒടുക്കിയിട്ടുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നോ ടി തുക തികയാത്ത പക്ഷം റവന്യൂ റിക്കവറി നടപടികളിലൂടെ ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കളിൽനിന്ന് ഈടാക്കുന്നതാണ്.

21. സ്ഥിരമായി ജോലിക്ക് ഹാജരാകാത്തവരെ നോട്ടീസ് ഇല്ലാതെതന്നെ കരാറിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

22. കെ.എസ്.ആർ.ടി.സിയുടെ ചെക്കിങ് ഇൻസ്പെക്ടർമാർ ബസ്സുകളിൽ പതിവ് പരിശോധന നടത്തുന്നതിന് സമീപിക്കുമ്പോൾ ബസ്സുകൾ നിർത്തി നൽകേണ്ടതും, നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**